(ബി) വിഭജനനടപടിയിൽ പ്രതിഷേധിച്ചുകൊണ്ട് അനവധി നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

(സി) ഇക്കാര്യത്തിന്റെ വിവിധ വശങ്ങളെപ്പറ്റി പരിചിന്തനം ചെയ്തുവരികയാണ്. അവസാനതീരുമാനമെടുത്തിട്ടില്ല.

കൊട്ടങ്ങല്ലൂർ പഞ്ചായത്ത് വിഭജനം.

14. [26] ശ്രീ. ടി. സി. ജാർജ്ജ്: ദയവായി താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടങ്ങല്ലൂർ പഞ്ചായത്ത് വിഭജിക്കുന്നതിനു് എന്തെങ്കിലും നടപടി സർക്കാരിന്റെ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കൊട്ടങ്ങല്ലൂരിലെ ജനങ്ങളുടെ അഭിപ്രായം ഈ കാര്യത്തിൽ സർക്കാർ ആരാഞ്ഞിട്ടുണ്ടോ;

(സി) ഈ വിഭജനനടപടിയെ കൊട്ടങ്ങല്ലൂരിലെ ഭൂരിപക്ഷം ജനങ്ങളും എതിർക്കുകയാണെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ഉത്തരം.

(എ) കൊട്ടങ്ങല്ലൂർ പഞ്ചായത്ത് വിഭജിക്കുന്ന കാര്യം സർക്കാരിന്റെ ആലോചനയിൽ ഇരിക്കുകയാണ്.

(ബി) പഞ്ചായത്ത് ആക്ടിലെ 3-ാംവകുപ്പനുസരിച്ച് ഈ പ്രശ്നവുമായി ബന്ധപ്പെട്ട കൊട്ടങ്ങല്ലൂർ, ഏറിയാട് എന്നീ പഞ്ചായത്തുകളുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. പൊതുജനങ്ങളുടെ അഭിപ്രായം ആരാഞ്ഞിട്ടില്ല. എന്നാൽ ജനങ്ങളിൽനിന്നും പല നിവേദനങ്ങളും ലഭിച്ചിട്ടുണ്ട്. ഇവയെ പരിഗണിക്കുന്നുമുണ്ട്.

(സി) ഒരു വിഭാഗം ജനങ്ങൾ എതിർക്കുന്ന കാര്യവും, മറ്റൊരു വിഭാഗം അനുകൂലിക്കുന്ന കാര്യവും സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

Salary of Senior Tamil Pandits.

15. [27] SHRI T. T. DANIEL: Will the Minister for Education be pleased to state:

Why the higher grade salary sanctioned by the Government to the senior Tamil Pandits employed in the high schools in South Travancore L. M. S. Corporate management is not given for the last three years?

Answer.

The higher grade salary sanctioned to the senior Tamil Pandits in the high schools under the L. M. S. Management has not been paid as there are complaints from several of the language teachers about the seniority list drawn up by the management. The matter is under correspondence between the Department and management and final decision will be taken with the least possible delay.

LIBRARY ARCHIVES Kerala Legislative Assembly